## പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3071** — **10.12.2018-** ൽ മറുപടിക്ക്

## പി.യു.കെ.സി. റോഡിന്റെ നവീകരണം

**ചോദ്യം**

**ശ്രീ. പുരുഷൻ കടലുണ്ടി**

(എ) ഏലത്തൂർ, ബാലുശ്ശേരി, പേരാമ്പ്ര എന്നീ നിയോജക മണ്ഡലങ്ങളിലൂടെ കടന്നു പോകുന്ന പ്രധാന പാതയായ പി.യു.കെ.സി റോഡിന്റെ നവീകരണ പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത റോഡിനായി ഏത് രീതിയിലുള്ള നവീകരണം നടത്തുവാനാണ് നിലവിൽ ഉദ്ദേശിക്കുന്നതെന്നും ഒന്നാം ഘട്ടത്തിൽ എത്ര കിലോമീറ്റർ റോഡിന്റെ നവീകരണത്തിനായാണ് നിർദ്ദേശിച്ചിരിക്കുന്നതെന്നും വ്യക്തമാക്കുമോ ;

(സി) പ്രസ്തുത റോഡിന്റെ നവീകരണത്തിനായി 2017-2018 , 2018-19 എന്നീ വർഷങ്ങളിലെ ബജറ്റിലൂടെ എത്ര കോടി രൂപയാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

**മറുപടി**

**ശ്രീ. ജി. സുധാകരൻ**
**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)**

(എ) യും (ബി) യും (സി) യും

കിഫ്ബി ഫണ്ട് ഉപയോഗപ്പെടുത്തി പി.യു.കെ.സി റോഡ് നവീകരിക്കുന്നതിനായി 01.11.2016-ലെ സ.ഉ(സാധാ)നം.1502/2016/പൊ.മ.വ പ്രകാരം 15 കോടി രൂപയുടെ ഭരണാനുമതിയും, 10.07.2017-ലെ സ.ഉ(സാധാ)നം.942/2017/പൊ.മ.വ ക്രമ നം. 26, 27 പ്രകാരം യഥാക്രമം 50 കോടി, 20 കോടി രൂപയുടെ തത്വത്തിലുള്ള അനുമതിയും നൽകിയിട്ടുണ്ട്. ഇതിൽ 15 കോടി രൂപയുടെ അനുമതി അനുസരിച്ച് പുറക്കാട്ടിരി മുതൽ ഉള്ള്യേരി വരെയുള്ള (കി.മീ 0/000 മുതൽ 17/400 വരെ) വികസനത്തിനായി ഡി.പി.ആർ തയ്യാറാക്കി വരുന്നു. 50 കോടി രൂപയുടെ അനുമതി അനുസരിച്ച് ഉള്ള്യേരി മുതൽ കുറ്റ്യാടി വരെയുള്ള (കി.മീ 17/600 മുതൽ 43/160 വരെ) വികസനത്തിനായി ഡി.പി.ആർ തയ്യാറാക്കാനുള്ള ഇൻവെസ്റ്റിഗേഷൻ നടത്തി വരുന്നു. സ്ഥലം ഏറ്റെടുത്ത് ഉന്നത നിലവാരത്തിലുള്ള ബി.എം&ബി.സി റോഡാണ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്. ഒന്നാം ഘട്ടത്തിൽ കി.മീ 0/000 മുതൽ 17/400 വരെ നവീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

സെക്ഷൻ ഓഫീസർ